# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 162 **16-06-2014**-ലെ മറുപടിക്ക്

## സുതാര്യ ഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. പി.റ്റി.എ. റഹീം | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു: മുഖ്യമന്ത്രി |
| (എ) ഭരണ സംവിധാനങ്ങൾ സുതാര്യവും അഴിമതിരഹിതവുമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു; പരിഗണനയിലുള്ള നടപടികൾ വിശദമാക്കാമോ; | (എ) ഭരണ സംവിധാനം സുതാര്യവും അഴിമതി രഹിതവുമാക്കുന്നതിന്റെ ഭാഗമായി സർക്കാർ സേവനങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ഇ-ഗവേർണൻസ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിലൂടെ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് നേരിട്ട് സർക്കാർ ഓഫീസ് വഴിയും ഓൺലൈൻ വഴിയും ഫ്രണ്ട്സ്/ അക്ഷയകേന്ദ്രങ്ങൾ വഴിയും ലഭിക്കുന്നതാണ്. പൊതുരംഗത്തെ അഴിമതി ഇല്ലാതാക്കുന്നതിന്റെ ഭാഗമായി ഇ-ടെണ്ടർ സംവിധാനം, സേവനാവകാശ നിയമം, വിവരാവകാശ നിയമം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇവ ഭരണ സംവിധാനം സുതാര്യവും അഴിമതി രഹിതവുമാക്കാൻ സഹായകമാകുന്നുണ്ട്.<br><br>റൈറ്റ് റ്റു ഹിയറിംഗ് സംവിധാനം നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. അപേക്ഷകളിൽ കാലതാമസം കൂടാതെ എത്രയും വേഗം തീരുമാനം എടുക്കുന്നതിന്റേയും നടപടി ക്രമങ്ങൾ സുതാര്യവുമാക്കുന്നതിന്റേയും ഭാഗമായി സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ വത്ക്കരണം , കമ്പ്യൂട്ടർ അധിഷ്ഠിത ഫയൽ നിരീക്ഷണ സംവിധാനമായ IDEAS, e-office തുടങ്ങിയ ആധുനിക സംവിധാനങ്ങൾ നടപ്പാക്കിവരുന്നു. |

| | | | |
|---|---|---|---|
| | | | പൊതുരംഗത്തെ അഴിമതി ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി വിസ്സിൽ ബ്ലോവർ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്ന കാര്യം സർക്കാർ വിശദമായി പരിശോധിച്ച് വരുന്നു.<br><br>കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ വകുപ്പ് സെക്രട്ടറിമാരും പ്രതിമാസ സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഫയൽ തീർപ്പാക്കലിന്റെ പുരോഗതി വിലയിരുത്താറുണ്ട്. എല്ലാ വകുപ്പുകളുടേയും പ്രതിമാസ പ്രവർത്തന റിപ്പോർട്ടുകൾ അവലോകനം ചെയ്ത് സമാഹൃത റിപ്പോർട്ടുകൾ തയ്യാറാക്കുകയും പഴക്കം ചെന്ന ഫയലുകൾ അടിയന്തരമായി തീർപ്പാക്കുവാൻ ടി റിപ്പോർട്ടുകളിലൂടെ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകി വരുന്നുണ്ട്.<br><br>ഇതിനു പുറമേ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിലേയ്ക്കായി നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി ഫയൽ അദാലത്തുകൾ നടത്തി വരുന്നുണ്ട്. ജീവനക്കാരുടെ പെരുമാറ്റവും മനോഭാവവും പൊതുജനങ്ങൾക്ക് ഗുണകരമാകുന്നതിനും അഴിമതി രഹിതമായ സേവനം നൽകുന്നതിനും പര്യാപ്തമായ ട്രെയിനിംഗുകൾ സർക്കാർ ജീവനക്കാർക്ക് IMG, ILDM, KILA മുതലായ സ്ഥാപനങ്ങൾ മുഖേന നൽകി വരുന്നുണ്ട്. |
| (ബി) | സുതാര്യ ഭരണം ഉറപ്പാക്കാൻ മുഖ്യമന്ത്രിയുടെ ആപ്പീസിൽ വെബ് ക്യാമറ സ്ഥാപിച്ചതും തൽസമയം സംപ്രേക്ഷണം ചെയ്തും നടത്തിയ പരീക്ഷണങ്ങൾ ഫലപ്രദമായിരുന്നുവോ; | (ബി) | ഫലപ്രദമാണ് |
| (സി) | മന്ത്രിമാരുടെ ആപ്പീസുകളിൽ ഇവ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടായിരുന്നുവോ; വിസമ്മതിച്ച മന്ത്രിമാർ ആരൊക്കെ; | (സി) | ഇങ്ങനെയൊരു നിർദ്ദേശം മന്ത്രിമാർക്ക് നൽകിയിട്ടില്ല |

| | |
|---|---|
| (ഡി) ഭരണരംഗത്തെ അഴിമതി തടയാൻ അഴിമതിക്കാരെ സർവ്വീസിൽ നിന്നും മാറ്റി നിർത്താൻ നടപടി സ്വീകരിക്കാമോ; ഇതിനായി സംസ്ഥാന വിജിലൻസ് സംവിധാനത്തിന് സ്വാതന്ത്ര്യം നൽകാമോ? | (ഡി) കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ അന്വേഷണഘട്ടങ്ങളിലും മറ്റും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിഷ്പക്ഷമായ അന്വേഷണം ഉറപ്പു വരുത്തുന്നതിന് വേണ്ടി സസ്പെന്റ് ചെയ്യുകയോ തൽസ്ഥാനത്ത് നിന്നും മാറ്റി നിർത്തുകയോ ചെയ്യുന്ന നടപടി സ്വീകരിച്ചു വരുന്നു. വിജിലൻസ് ട്രാപ്പ് കേസുകളിൽ കൈക്കൂലി വാങ്ങുമ്പോൾ പിടിക്കപ്പെടുന്ന ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി ഉടനെ തന്നെ സസ്പെന്റ് ചെയ്യാറുണ്ട്. അഴിമതിക്കാർക്കെതിരായ നടപടി എടുക്കുന്നതിന് ശക്തമായ സംവിധാനം ഇപ്പോൾ നിലവിലുണ്ട്. വിജിലൻസ് വകുപ്പ് ഒരു സ്വതന്ത്ര അന്വേഷണ ഏജൻസി ആയിട്ടാണ് പ്രവർത്തിക്കുന്നത്. വിജിലൻസ് കേസുകളുടെ അന്വേഷണത്തിൽ സർക്കാർ ഇടപെടാറില്ല. അന്വേഷണ ഉദ്യോഗസ്ഥന്മാരുടേയും അതു വിലയിരുത്തുന്ന മേലുദ്യോഗസ്ഥന്മാരുടേയും പൂർണ്ണ സ്വാതന്ത്ര്യത്തിലാണ് വിജിലൻസ് സംവിധാനം പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ